08/04/24 A.N

(Pages : 4)

# T – 1523

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, April 2024

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course XIII

## ML 1643 : ആധുനികപൂർവ്വ മലയാളകവിത

## (2021 Admission)

Time : 3 Hours

Max. Marks : 80

I. ഒറ്റ വാക്കിലോ വാക്യത്തിലോ **പത്ത്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. ഊഴിയിൽ ചെറിയവർക്കറിയുമാറുരചെയ്യുന്നു എന്ന് ആമുഖമായി പറയുന്നത് ഏത് കൃതിയിലാണ്?

2. പാട്ടിന്റെ ലക്ഷണം ആദ്യമായവതരിപ്പിച്ച കൃതിയേത്?

3. മലയാളത്തിലെ ആദ്യത്തെ ചമ്പൂകാവ്യത്തിന്റെ പേരെഴുതുക.

4. മേദിനീവെണ്ണിലാവ് നായികയാകുന്ന മണിപ്രവാള കൃതിയേത്?

5. മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യമേത്?

6. കൃഷ്ണഗാഥ രചിച്ചത് ഏത് പുരാണകൃതിയെ ആസ്പദമാക്കിയാണ്?

7. ശ്രീകൃഷ്ണകർണാമൃതം ആരുടെ കൃതിയാണ്?

8. കുചേലവൃത്തം വഞ്ചിപ്പാട്ട് ഏത് വൃത്തത്തിലാണ് രചിച്ചത്?

9. കിളിപ്പാട്ട് വൃത്തങ്ങൾ ഏതെല്ലാം?

10. ഉത്തരാസ്വയംവരം ആട്ടക്കഥയുടെ കർത്താവാര്?

**(10 × 1 = 10 Marks)**

P.T.O.

Scanned with CamScanner

II. അമ്പത് വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്കുത്തരമെഴുതുക.

11. 'ആതികാലമുള്ളരുന്തൊഴിൽകൾ ചെയ്തവ കഴിഞ്ഞാഴി-

മാനിനിയെ മീണ്ടവഴി കൂറുവതിനായ്....' സൂചിതമെന്ത്?

12. 'രക്ഷോരാജന്നിളയ സഹജാ ലക്ഷ്മണം രാക്ഷസീവ' - കഥാസന്ദർഭമെന്ത്?

13. 'അത്രമുഖ്യമായുള്ളൊരു ഭാരതമിപ്രദേശമെന്നല്ലാരുമോർക്കണം' - എന്തൊക്കെയാണാ സവിശേഷതകൾ?

14. 'നാമെന്തുചെയ്‌വതെന്തോഴിമാരേ! ചൊൽവിൻ

വാമനായ് കൂടുമ്പോളീശ്വരൻ താൻ' - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

15. 'അങ്ങനെയുള്ള ഭവാനെന്നുടെ ജഠരത്തി

ലിങ്ങനെ വസിപ്പതിനെന്തുകാരണം പോറ്റീ...' സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

16. 'രണ്ടുകൊണ്ടുമുണ്ടായോളം സുഖവും തൃപ്തിയും കീഴി-

ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കുസഖേ...' ആരുടെ വാക്കുകൾ? എന്തുകൊണ്ടാണിങ്ങനെ പറയുന്നത്?

17. 'ഏറെ പണം കെട്ടിവയ്ക്കും ജനങ്ങൾക്ക് ചോറ്

കൊടുപ്പാൻ മുഷിച്ചിലുണ്ടായ് വരും' ആരാണിങ്ങനെ പറയുന്നത്? സന്ദർഭമെന്ത്?

18. 'ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടു നില്ക്കും വിധൗ...' എന്തിനെക്കുറിച്ചാണ് കവി ഇങ്ങനെ പറയുന്നത്?

19. 'കനിവവളിലുദിക്കൊല്ല കാരുണ്യരാശേ...' ആരുടെ കനിവിനെപ്പറ്റിയാണിവിടെ പറയുന്നത്?

20. 'കാറ്റേറ്റൊട്ടൊട്ടാടിക്കളിക്കുന്നതു ഗഗനതലേ

ഹന്ത ! കാണായ്ച്ചമഞ്ഞു...' എന്ത്? എപ്പോൾ?



Scanned with CamScanner

21. 'കാനനമെങ്ങും മിക്ക വസന്തവിലാസം കൊണ്ട് വിരാജിതമായിതു വിരാ പാരായ്...' സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

22. കഥകളിയിലെ വ്യത്യസ്തവേഷങ്ങളെ പരിചയപ്പെടുത്തുക.

**(8 × 2 = 16 Marks)**

III. **നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.**

23. രാമായണം ചമ്പുവിന്റെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?

24. 'നാളീകത്താർ നളിനിയിലവന്നെങ്ങ്
നോക്കാവുതെന്റ്' - കഥാപാത്രത്തിന്റെ മാനസികഭാവം ഈ വരികളിൽ എത്രത്തോളം വ്യക്തമാണ്?

25. കുബേരന്റെ അഹങ്കാരം ശമിപ്പിക്കാൻ പരമശിവൻ കണ്ട മാർഗമെന്തായിരുന്നു?

26. 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണം കെട്ടു നടക്കുന്നിതു ചിലർ' - കാലാതിവർത്തിയാണു കവിത എന്ന പ്രസ്താവനയോട് ഈ വരികൾ എത്രത്തോളം ചേർന്നു നില്ക്കുന്നു എന്ന് പരിശോധിക്കുക.

27. കൃഷ്ണനെ കൊണ്ടുപോകാൻ അക്രൂരൻ വരുമ്പോൾ ഗോപികമാർ പ്രതികരിച്ചതെങ്ങനെ?

28. സ്വന്തം ജന്മരഹസ്യത്തെപ്പറ്റി രാമൻ കൗസല്യയോടു പറഞ്ഞതെന്തെല്ലാം?

29. സീതാസ്വയംവരസമയത്ത് മിഥിലയിലുണ്ടായ ബഹളങ്ങൾ രാമായണം ചമ്പുവിൽ വർണിക്കുന്നതെങ്ങനെ?

30. 'പൊതിയിണ്ടോട്ടു തന്നാലും ലജ്ജിക്കേണ്ട ഗോപിമാരും
കൊതിയനെന്നിജ്ജനത്തെ പറവു ഞായം' - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

31. ചന്ദ്രോത്സവം പരിഹാസകവനമാണെന്ന, ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം ശരിയോ? വിശദീകരിക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'ആത്മീയചിന്തകളും വേദാന്തപ്പൊരുളുകളും തത്ത്വജ്ഞാനങ്ങളും, പച്ചമലയാളത്തിൽ ഇളനീർപ്രവാഹം പോലുള്ള ഈരടികളിൽ എഴുതിവച്ചിട്ടുള്ളതാണ് ജ്ഞാനപ്പാന'. പരിശോധിക്കുക.

33. 'പുരാണകഥാപ്രതിപാദനത്തിനിടയിൽ, കേരളീയ സമൂഹത്തെ ഹാസ്യനിർഭരമായി വിമർശിക്കുന്ന രീതിയാണ് നമ്പ്യാർക്കവിതകളുടെ പ്രത്യേകത'. ഗണപതിപ്രാതലിനെ ആസ്പദമാക്കി ഉപന്യസിക്കുക.

34. സ്വാനുഭവത്തിന്റെ ചൂടും ചൂരുമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിനെ മഹത്വമുള്ളതാക്കുന്നത്. ചർച്ചചെയ്യുക.

35. ലളിതമായ ശൈലിയും സുന്ദരപദങ്ങളും അലങ്കാര സൗകുമാര്യവും മലയാളത്തനിമയും ഒത്തിണങ്ങിയ കൃതിയാണ് കൃഷ്ണഗാഥ - വിലയിരുത്തുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner